ധനകാര്യ കമ്മീഷൻ ശിപാർശചെയ്ത പ്രകാരമായിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുതിയ പ്രവർത്തികൾ നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാലാണ് 2015 മാർച്ച് 31-ന് മുമ്പായി ആരംഭിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ കാലപരിധി ദീർഘിപ്പിക്കുവാനും നിർവ്വാഹമില്ല.

റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ഭരണാനുമതി

63 (2556) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്ന് ഡി.എൽ.ഇ.സി. അംഗീകാരം നൽകിയ എത്ര പദ്ധതികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനതല സമിതി കൂടുന്നതിലെ കാലതാമസം ഭരണാനുമതി ലഭ്യമാക്കുന്നതിനും പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും വലിയ കാലതാമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും കോഴിക്കോട് ജില്ലയിൽനിന്ന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഡി.എൽ.ഇ.സി. അംഗീകാരം നൽകിയതും ഭരണാനുമതി ഇതുവരെ ലഭ്യമാക്കാത്തതുമായ 178 പദ്ധതികളുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനതല സമിതി കൂടുന്നതിലെ കാലതാമസം സംബന്ധിച്ച് ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

64 (2557) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻകീഴിൽ റവന്യൂവകുപ്പ്, ആലപ്പുഴജില്ലയ്ക്ക് അനുവദിച്ച റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിശദാംശം അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ഭൂമിയുടെ കരം ഒടുക്കുമ്പോൾ നൽകുന്ന രസീതുകൾ

65 (2558) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽനിന്നും ഭൂമിയുടെ കരം ഒടുക്കുമ്പോൾനൽകുന്ന രസീതുകളിൽ (റ്റി.ആർ.) ഭൂമിയുടെ അളവ് രേഖപ്പെടുത്തുന്നത് ഹെക്ടറിലായതുമൂലം സാധാരണക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂമിയുടെ അളവ് സെന്റിൽകൂടി രേഖപ്പെടുത്തി രസീതുകൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരം എഴുതുന്നതിനായി ഇപ്പോൾ നിലവിലുള്ള രസീത് ബുക്കുകളിൽ ഹെക്ടർ-ആർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രസീത് എഴുതുമ്പോൾ സെന്റ് അളവ് കൂടി രേഖപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

വില്ലേജ് ഫീൽഡ് ഓഫീസർമാർ കരം രസീത് നൽകുന്നത്

66 (2559) ശ്രീ. എം ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂവകുപ്പിലെ വില്ലേജ് ഫീൽഡ് ഓഫീസർമാർക്ക് കരം സ്വീകരിച്ച് രസീത് എഴുതുവാനുള്ള അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിലവിലുള്ള ചട്ടപ്രകാരം പ്രസ്തുത ജീവനക്കാർക്ക് കരം എഴുതുന്നതിനുള്ള അധികാരം നൽകുമ്പോൾ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഈ അധികാരം നൽകുന്നതിന്റെ സാധുത പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly